(സി) ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) പന്തളം 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ആവശ്യമായ പഞ്ചായത്ത് വക സ്ഥലം വിട്ടുതരുന്ന കാര്യം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി സ്ഥലം ഏറ്റെടുക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പന്തളം ഗ്രാമപഞ്ചായത്തിൽനിന്നും വിട്ടുകിട്ടുന്നതിനുള്ള കാലതാമസംമൂലമാണ് ഈ പദ്ധതി ആരംഭിക്കുന്നതിന് താമസം നേരിടുന്നത്.

ആലപ്പുഴ ഇടപ്പോൺ 220 കെ. വി. സബ്സ്റ്റേഷൻ

19 [330] *ശ്രീ. കെ. കെ. ഷാജു :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഇടപ്പോൺ 220 കെ. വി. സബ്സ്റ്റേഷന്റെ പ്രവർത്തനോൽഘാടനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇനിയും എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ) ഇടപ്പോൺ 220 കെ. വി. സബ്സ്റ്റേഷന്റെയും, ആയതിലേക്കുള്ള 220 കെ. വി. ലൈനിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഒരേ സമയം ആരംഭിച്ചിരുന്നതാണ്. എന്നാൽ ലൈനിന്റെ നിർമ്മാണ കരാർ ഏറ്റെടുത്തിരുന്ന ടാറ്റാ പ്രോജക്ട് ലിമിറ്റഡ് എന്ന സ്ഥാപനം കരാർ നിരക്കുകൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടതിനെ തുടർന്ന് കരാർ റദ്ദുചെയ്യുകയും പുതിയ കരാറിന്റെ അടിസ്ഥാനത്തിൽ ലൈനിന്റെ പണികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

(ബി) സബ്സ്റ്റേഷൻ നിർമ്മാണത്തോടനുബന്ധിച്ച് കൺട്രോൾ പാനൽ സ്ഥാപിക്കൽ, പാനലുകളുടെ വയറിംഗ്, സബ്സ്റ്റേഷനിലേക്കുള്ള 220 കെ. വി. ലൈൻ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ അവശേഷിക്കുന്നു.

(സി) 2006 ഡിസംബറിൽ പ്രവർത്തനം ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly